# സാംസ്കാരിക വകുപ്പ്

## വികസന റിപ്പോർട്ട്

കലാ സാംസ്കാരിക സമ്പന്നതയാൽ നിസ്തുലമാണ് കേരളം. നമ്മുടെ നാടോടി, അനുഷ്ഠാന, ക്ലാസ്സിക്കൽ, സമകാലീന കലാരൂപങ്ങൾ, കരകൗശല വാസ്തുശില്പ പാരമ്പര്യം എന്നിവ ഈ സംസ്ഥാനത്തിന് ഒരു അനന്യസാധാരണമായ സാംസ്കാരികപ്പെരുമ സമ്മാനിച്ചിട്ടുണ്ട്. കൂടിയാട്ടം, മുടിയേറ്റ്, വേദിക് ചാന്റിംഗ് എന്നിവയെ മാനവരാശിയുടെ അമൂർത്ത സാംസ്കാരിക പൈതൃകങ്ങളായി യുണസ്കോ പ്രഖ്യാപിക്കുക വഴി കേരളത്തിന്റെ കലാ പൈതൃക വൈവിധ്യത്തിനെ വിളംബരം ചെയ്യുക കൂടിയാണ് ചെയ്തത്. നമ്മുടെ നവോത്ഥാന നായകർ വെളിച്ചം പകർന്ന വഴിയിലൂടെ സഞ്ചരിച്ച് ആർജ്ജിച്ച ജനാധിപത്യ, മതനിരപേക്ഷ, മാനവികതാ മൂല്യങ്ങൾ കേരളത്തിൽ വ്യതിരിക്തമായ ഒരു സാംസ്കാരിക പരിസരം കൂടി സൃഷ്ടിക്കുകയുണ്ടായി. ഇതിന് അനുസൃതവും അനുപൂരകവുമായ പ്രവർത്തനങ്ങളാണ് സംസ്ഥാന സാംസ്കാരിക വകുപ്പ് നടത്തി വരുന്നത്. കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല, വിവിധ അക്കാദമികൾ, ഇൻസ്റ്റിറ്റ്യൂട്ടുകൾ, മൺമറഞ്ഞ കലാ സാഹിത്യ പ്രതിഭകളുടെ നാമധേയത്തിൽ പ്രവർത്തിച്ചു വരുന്ന സ്മാരകങ്ങൾ തുടങ്ങിയവ സംസ്ഥാനത്തിന്റെ കലാ സാംസ്കാരിക മേഖലയെ ജീവസ്സുറ്റതാക്കുന്നു. ഈ പ്രവർത്തനങ്ങളിൽ ഏകോപനവും സമന്വയവും കണ്ടെത്തുന്ന ദൗത്യം കൂടിയാണ് ഇപ്പോൾ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് നടത്തി വരുന്നത്. സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ് എന്ന പേരിൽ 1983 ൽ ആരംഭിച്ചെങ്കിലും ഇത് ഒരു ഡയറക്ടറേറ്റായി രൂപാന്തരപ്പെട്ടത് 2005 ൽ മാത്രമാണ്. വിവിധ സ്ഥാപനങ്ങൾക്കും, സംഘടനകൾക്കുമുള്ള ധനസഹായം, കലാകാരന്മാർക്കും ജീവനക്കാർക്കുമുള്ള പെൻഷൻ എന്നിവ വിതരണം ചെയ്യുകയെന്ന പരിമിത പ്രവർത്തനങ്ങൾക്കുപരിയായി ഇപ്പോൾ വിവിധ പദ്ധതി പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നു.

സാംസ്കാരിക സർഗ്ഗാത്മക വ്യവസായങ്ങൾക്ക് (Cultural & creative industry) ആഗോള സമ്പദ് വ്യവസ്ഥയിൽ സുപ്രധാന സ്ഥാനമാണുള്ളത്. വിനോദ വ്യവസായങ്ങളുടെ വളർച്ചയിലും കലാ സാംസ്കാരിക ഉല്പന്നങ്ങളുടെ ഉപഭോഗത്തിലും വൻവർദ്ധനയാണ് കോവിഡ്-19 പ്രതിസന്ധി ഉടലെടുക്കുന്നതിന് മുമ്പ് രേഖപ്പെടുത്തിയിട്ടുള്ളത്. ആഗോള ആഭ്യന്തര ഉല്പാദനത്തിന്റെ മൂന്ന് ശതമാനം ഈ മേഖലയുടെ സംഭാവനയാണെന്ന് കണക്കാക്കുന്നു. കോവിഡാനന്തര കാലത്തും ഈ പ്രവണത മാറ്റമില്ലാതെ തുടരുമെന്നാണ് കരുതേണ്ടത്. സർഗ്ഗാത്മക വ്യവസായങ്ങൾക്ക് കൈവരുന്ന അഭൂതപൂർവ്വമായ പ്രാധാന്യം കണക്കിലെടുത്ത് ഈ മേഖലയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനുതകുന്ന ഒരു പിടി പദ്ധതികളാണ് സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്.

കേരളത്തിന്റെ കലാ സാംസ്കാരിക സമ്പന്നതയെ പരിപാലിക്കുകയും അതിനെ യുവതലമുറയിലേക്ക് സന്നിവേശിപ്പിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ വജ്രജൂബിലി ഫെലോഷിപ്പ് എന്നൊരു നൂതന പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നു. തദ്ദേശ സ്വയം ഭരണ സർക്കാരുകളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയിൻ കീഴിൽ 1000 യുവതീ യുവാക്കളായ കലാപ്രവർത്തകരെ തെരഞ്ഞെടുത്ത് രണ്ട് വർഷക്കാലത്തേക്ക് ഫെലോഷിപ്പ് നൽകി പ്രോത്സാഹിപ്പിക്കുന്നു. വകുപ്പ് നൽകുന്ന 10,000/- രൂപയ്ക്കു പുറമെ സ്വയം ഭരണ സർക്കാരുകൾ 5000/- രൂപ കൂടി ചേർത്ത് ആകെ 15,000/- രൂപയാണ് പ്രതിമാസ ഫെലോഷിപ്പ് തുക. ബ്ലോക്ക്

പഞ്ചായത്ത്, നഗരസഭാ അടിസ്ഥാനത്തിൽ നിർണ്ണയിച്ചിട്ടുള്ള 174 ക്ലസ്റ്ററുകളിലായി വിന്യസിക്കപ്പെട്ട കലാകാരന്മാർ ആയിരത്തോളം കേന്ദ്രങ്ങളിൽ കലാപരിശീലനം നൽകുന്നു. കൂടിയാട്ടം മുതൽ ശാസ്ത്രീയ സംഗീതവും, നൃത്തവും, പൂരക്കളി, മറത്തുകളി, കഥാപ്രസംഗം, ചിത്രരചന എന്നിങ്ങനെ 45 ഓളം കലാവിഷയങ്ങളിൽ പ്രായഭേദമന്യേ ആർക്കും കലാഭ്യസനം നടത്താവുന്നതാണ്. ഒരു ലക്ഷത്തോളം പഠിതാക്കൾ ഇതിനോടകം പദ്ധതിയിൻ കീഴിൽ പരിശീലനം നേടിക്കഴിഞ്ഞു. ഫെലോഷിപ്പ് കലാപ്രവർത്തകരിൽ 346 പേർ വനിതകളാണ്.

കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദികളൊരുക്കുന്ന ബൃഹത്തായ സാംസ്കാരിക സമുച്ചയങ്ങൾ ഓരോ ജില്ലയിലും സ്ഥാപിക്കുന്ന മറ്റൊരു സുപ്രധാന പദ്ധതിയും വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. അഞ്ചേക്കർ വരെയുള്ള ഭൂമിയിൽ 50.00 കോടിയോളം രൂപ മുതൽ മുടക്കിയാണ് ഒരു സമുച്ചയം സ്ഥാപിക്കുന്നത്. കേരളത്തിന്റെ നവോത്ഥാന നായകരുടെ നാമധേയത്തിൽ അറിയപ്പെടുന്ന ഈ സമുച്ചയങ്ങൾ കിഫ്ബിയുടെ ധനസഹായത്തോടെയാണ് നിർമ്മിക്കുന്നത്. കൊല്ലം, പാലക്കാട്, കാസറഗോഡ് ജില്ലകളിൽ നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു. മലപ്പുറം ജില്ലയിലെ പദ്ധതിക്ക് അംഗീകാരം ലഭിച്ചു. ഭൂമി കണ്ടെത്തിയ കണ്ണൂർ, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിലെ പദ്ധതിരേഖ (ഡി.പി.ആർ) കിഫ്ബിയുടെ പരിഗണനയിലാണ്. കോഴിക്കോട് ജില്ലയിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. നൃത്ത സംഗീത നാടകശാലകൾ, ബ്ലാക്ക് ബോക്സ് തീയറ്റർ, ഗ്രന്ഥശാലകൾ, വീഡിയോ ഹാൾ, ചിത്രശാലകളും കരകൗശല ഉത്പന്ന വിപണന ശാലകളും ഉൾപ്പെടെയുള്ള വിപുലമായ സങ്കേതങ്ങളായിരിക്കും ഈ നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ. കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതു ഇടങ്ങൾ ലഭ്യമല്ലാത്ത ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും 'നാട്ടരങ്ങ്'' എന്ന പേരിൽ ഒരു തുറന്ന സ്റ്റേജും ചമയ മുറിയും മറ്റ് അനുബന്ധ സൗകര്യങ്ങളുമുള്ള വേദികൾ സൃഷ്ടിക്കുന്ന മറ്റൊരു പദ്ധതിയും വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.

സംസ്ഥാനത്തിൻെറ സമ്പന്നമായ കലാകരകൗശല പാരമ്പര്യത്തിനെ സംരംക്ഷിക്കുക, തെരഞ്ഞെടുക്കപ്പെട്ട കരകൗശല പൈതൃക ഗ്രാമങ്ങളിലെ കലാകാരന്മാർക്ക് ഉപജീവന സുസ്ഥിരത ഉറപ്പാക്കുക, അവർക്കായി നൈപുണ്യ വികസനവും ഈടുറ്റ വിപണി ബന്ധങ്ങളും സ്ഥാപിക്കുക തുടങ്ങിയ ഉദ്ദേശത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് റൂറൽ ആർട് ഹബ്ബ് പദ്ധതി. പദ്ധതിയിൻ കീഴിൽ 20 കരകൗശല ഗ്രാമങ്ങളെയും 10-ഓളം കലാരൂപങ്ങളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ആകെ 2000 കരകൗശല വിദഗ്ദ്ധരും 500 കലാകാരന്മാരും പദ്ധയിയുടെ ഗുണഭോക്താക്കളാകുന്നതാണ്. ഓരോ പൈതൃക ഗ്രാമത്തിലും പൊതു ഉൽപ്പാദന കേന്ദ്രങ്ങളും, വില്പന കൗണ്ടറുകളും സ്ഥാപിക്കുകയും വിപണന മാർഗ്ഗങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുകയെന്ന പദ്ധതി ഘടകങ്ങൾ ഏറ്റെടുത്ത് നടത്തുന്നു. വനിതകൾക്ക് 50 ശതമാനം പ്രാതിനിധ്യം ഉറപ്പാക്കുന്ന സ്വയം സഹായ സംഘങ്ങളെ ശാക്തീകരിച്ച് ഉപജീവന സുസ്ഥിരത ഉറപ്പാക്കുകയാണ് ലക്ഷ്യം.

കേരള സംസ്കാരത്തിനെ സമഗ്രവും സചേതനവുമായി പ്രദർശിപ്പിക്കുന്ന ഒരു ബൃഹത് മ്യൂസിയം സ്ഥാപിക്കുകയും നിലവിലുള്ളവയെ വിനോദസഞ്ചാരകേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തി, കോർത്തിണക്കി ഒരു ശൃംഖല സ്ഥാപിക്കുകയുമെന്ന ലക്ഷ്യത്തോടെ ഒരു കേരള സംസ്കാര മ്യൂസിയം പദ്ധതി നടപ്പിലാക്കുന്ന പ്രവർത്തനങ്ങളും വകുപ്പ് നടത്തി വരുന്നുണ്ട്. പാലക്കാട്, മലമ്പുഴ വില്ലേജിൽ ലഭ്യമാകുന്ന 5.20 ഏക്കർ ഭൂമിയിൽ കേരള സംസ്കാര മ്യൂസിയം സ്ഥാപിക്കുകയെന്ന പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. കൂടാതെ ഡിജിറ്റൽ സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള ഗെയിമിംഗ്, ആനിമേഷൻ, വെർച്ചൽ ഇഫക്ട്, ഓഗ്മെന്റഡ് റിയാലിറ്റി

തുടങ്ങിയ രംഗങ്ങളിലെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തി ലളിതകലാ, സാങ്കേതിക വിഷയങ്ങളിൽ യോഗ്യരും പ്രതിഭാധനരുമായ യുവാക്കൾക്ക് വൻതോതിൽ തൊഴിലവസരം ഉറപ്പാക്കാനായി ഒരു മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്ന പദ്ധതിയുടേയും പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

ശ്രീനാരായണ ഗുരുവിന്റെ നമുക്ക് ജാതിയില്ലാ വിളംബരത്തിന്റെ ശതാബ്ദി ആചരണത്തിന്റെ ഭാഗമായി വിവിധ പരിപാടികൾ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുകയുണ്ടായി. ശതാബ്ദി സ്മാരകമായി തിരുവനന്തപുരത്ത് കനകക്കുന്നിന് എതിർവശത്തായി ശ്രീനാരായണ ഗുരുവിന്റെ പൂർണ്ണകായ വെങ്കല പ്രതിമ സ്ഥാപിച്ചു കഴിഞ്ഞു. സ്വാമി വിവേകാനന്ദന്റെ കേരള പ്രവേശം, മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വത്തിന്റെ 70-ാം വാർഷികം എന്നിവ സംസ്ഥാന വ്യാപകമായി ആചരിച്ചു. മഹാത്മാഗാന്ധിയും പത്നി കസ്തൂർബാഗാന്ധിയും ഒന്നിലേറെ തവണ സന്ദർശിച്ച് താമസിച്ച പാലക്കാട് അകത്തേത്തറയിലെ ശബരി ആശ്രമത്തിന്റെ പുനഃരുദ്ധാരണ പ്രവർത്തനങ്ങളും വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. കൂടാതെ തുഞ്ചത്ത് എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ, ഒ. വി. വിജയൻ, മഹാകവി ഒളപ്പമണ്ണ, പി. കുഞ്ഞിരാമൻ നായർ, വൈക്കം മുഹമ്മദ് ബഷീർ, പി. കേശവദേവ്, എസ്. കെ. പൊറ്റക്കാട്, ബ്രഹ്മാനന്ദ ശിവയോഗി, ഇന്ദുചൂഡൻ, വി.സാംബശിവൻ തുടങ്ങിയവരുടെ പേരിലുള്ള സ്മാരകങ്ങൾക്കായി ഗണ്യമായ തുക വകയിരുത്താനും വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. മഹാകവി മൊയീൻകുട്ടി വൈദ്യർ സ്മാരക അക്കാദമിക്ക് കോഴിക്കോട് നാദാപുരത്ത് ഒരു ഉപകേന്ദ്രം സ്ഥാപിക്കുന്ന പദ്ധതിക്കും തുടക്കമിട്ടു കഴിഞ്ഞു. മലയാളത്തിന്റെ അനശ്വര നടൻ പ്രേംനസീറിന് അദ്ദേഹത്തിന്റെ ജന്മനാടായ ചിറയിൻകീഴിൽ ഒരു സ്മാരകം നിർമ്മിക്കുന്നതിനും വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്ന അക്കാദമികൾ ഉൾപ്പെടെയുള്ള നിരവധി സ്വയംഭരണ സ്ഥാപനങ്ങൾ വൈവിധ്യമാർന്ന പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. കിഫ്ബിയുടെ ധനസഹായത്തോടെ ചിത്രാഞ്ജലി ഫിലിം സിറ്റി, അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിനുള്ള സ്ഥിരം വേദി, പുതിയ സിനിമാ തിയറ്ററുകൾ എന്നിവ കേരള ചലച്ചിത്ര വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നു. വിവിധ സാംസ്കാരിക വിനിമയ പരിപാടികൾ, സമൂഹമാധ്യമങ്ങളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയുള്ള കലാപ്രകടനങ്ങൾ എന്നിവ ഭാരത് ഭവൻ ഏറ്റെടുത്ത് നടത്തി വരുന്നു. കോവിഡ് കാലത്ത് മാവേലി മലയാളം എന്നൊരു പരിപാടിയും ഭാരത് ഭവൻ സംഘടിപ്പിക്കുകയുണ്ടായി. മലയാള ഭാഷയും സാഹിത്യവും സംസാകാരവും മലയാളി പ്രവാസി സമൂഹത്തിൽ പ്രചരിപ്പിക്കാനായി 42 രാജ്യങ്ങളിൽ മലയാളം മിഷന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചിട്ടുണ്ട്. ഇതിനായി റേഡിയോ മലയാളം എന്ന പദ്ധതി, മലയാളഭാഷാ പ്രതിഭാ പുരസ്കാരം എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്. വിവിധ കലാരൂപങ്ങളുടെ പരിപോഷണത്തിനായി സംഗീത നാടക, ലളിതകല, സാഹിത്യ, ഫോക് ലോർ, ചലച്ചിത്ര അക്കാദമികളും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. കോവിഡ് മഹാമാരി മൂലം ഉപജീവന മാർഗ്ഗങ്ങൾ നഷ്ടപ്പെട്ട 32,000 കലാകാരന്മാർക്കും, സാംസ്കാരിക പ്രവർത്തകർക്കും ധനസഹായം വിതരണം ചെയ്യുന്നതിനും വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് വഴി 6000-ഓളം പേർക്ക് സഹായധനം വിതരണം ചെയ്തതിന് പുറമെയാണിത്. കേരളത്തിന്റെ കലാ സാംസ്കാരികപ്പെരുമ നിലനിർത്തുവാനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് തുടർന്നും സാംസ്കാരിക വകുപ്പ് നേതൃത്വവും പ്രചോദനവും നൽകുന്നതാണ്.